# Official Spokesperson's response to media queries on a press release no. 238/2020 dated 4th June 2020 by Pakistan Foreign Office

June 05, 2020

---

## പാകിസ്ഥാൻ ഫോറിൻ ഓഫിസിൽ നിന്നും 2020 ജൂൺ 4 ന് പ്രസിദ്ധീകരിച്ച പത്ര പ്രസ്താവന 238/2020 സംബന്ധിച്ചുള്ള മാധ്യമ അന്വേഷണങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം.

**ജൂൺ** 05, 2020

**പാകിസ്ഥാൻ ഫോറിൻ ഓഫിസിൽ നിന്നും 2020 ജൂൺ 4 ന് പ്രസിദ്ധീകരിച്ച പത്ര പ്രസ്താവന 238/2020 സംബന്ധിച്ചുള്ള മാധ്യമ അന്വേഷണങ്ങൾക്ക് ഔദ്യോഗിക വക്താവ് ശ്രീ അനുരാഗ് ശ്രീവാസ്തവയുടെ മറുപടി ഇപ്രകാരമായിരുന്നു.**

"കഴിഞ്ഞ വർഷം പാകിസ്താന്റെ പ്രധാനമന്ത്രി തന്നെ രാജ്യം 30,000 മുതൽ 40,000 വരെ സംഖ്യശക്തിയിൽ ഉള്ള തീവ്രവാദികൾക്ക് അഭയം നൽകുന്നുവെന്ന് സമ്മതിച്ചിട്ടുള്ള വിവരം പാകിസ്താന്റെ വിദേശകാര്യമന്ത്രാലയം അനുസ്മരിക്കുന്നത് നന്നായിരിക്കും. മുൻകാലങ്ങളിൽ മറ്റ് രാജ്യങ്ങൾക്കെതിരെ ഭീകരാക്രമണം നടത്താൻ തീവ്രവാദികൾ രാജ്യത്തെ സൗകര്യങ്ങൾ ഉപയോഗിച്ചിരുന്നുവെന്ന് പാക്കിസ്ഥാന്റെ നേതൃത്വം സമ്മതിക്കുകായും ചെയ്തിരുന്നു.

ഐക്യരഷ്ട്ര സഭ സുരക്ഷാ കൗൺസിലിന്റെ അനാലിറ്റിക്കൽ സപ്പോർട് ആൻഡ് സാങ്ഷൻ മോണിറ്ററിങ് ടീം റിപ്പോർട്ട് പാകിസ്ഥാൻ പ്രധാനമന്ത്രി മുൻപ് സമ്മതിച്ചു മാത്രമേ ആവർത്തിച്ചിട്ടുള്ളൂ. റിപ്പോർട്ടിനെ അധിക്ഷേപിക്കുന്നതിനു പകരം , സ്വയം പരിശോധന നടത്തി തങ്ങളുടെ അധീനതയിൽ ഉള്ള പ്രവിശ്യകളിൽ നിന്നും ഉദ്ഭവിക്കപ്പെടുന്ന തീവ്രവാദ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നത് നിർത്തിവയ്ക്കുകയാണ് പാകിസ്ഥാൻ ചെയ്യേണ്ടത്. പാകിസ്ഥാൻ തന്നെയാണ് തീവ്രവാദത്തിന്റെ മര്മകേന്ദ്രം എന്നത് ഐക്യരാഷ്ട്ര സഭയ്ക്കും അന്താരാഷ്ട്ര സമൂഹത്തിനും വളരെ വ്യക്തമായ വസ്തുതയാണ്. ഐക്യരാഷ്ട്ര സഭ പട്ടികപ്പെടുത്തിയതിൽ കൂടുതൽ തീവ്രവാദികൾക്കും തീവ്രവാദ സംഘടനകൾക്കും ഇത് ആശ്രയം നൽകുന്നു.മറ്റുള്ളവർക്ക് നേരെ വിരൽ ചൂണ്ടുന്നതിനുള്ള ഇവരുടെ ശ്രമങ്ങളൊന്നും തന്നെ അടിസ്ഥാനപരമായ വസ്തുതകളിൽ നിന്നും ശ്രദ്ധ തിരിക്കാൻ ഉതകുന്നതായിരിക്കില്ല.

ഇതിനു പുറമെ, ഇന്ത്യയും അഫ്ഗാനിസ്ഥാനും തമ്മിലുള്ള പരമ്പരാഗതവും സൗഹാർദപരവുമായ ബന്ധങ്ങളെ വിഭജിക്കുന്നതിനുള്ള പാകിസ്താന്റെ ശ്രമങ്ങളും ലക്ഷ്യം കാണുകയില്ല. ആരാണ് 'വിനാശകാരികൾ' എന്നും നിഷ്കളങ്കരായ അഫ്ഗാൻ ജനതയ്ക്കും അന്താരാഷ്ട്ര സമൂഹത്തിനു എതിരായി തീവ്രവാദികളെ അണിനിരത്തുകയും, പരിശീലിപ്പിക്കുകയും , ലക്ഷ്യം വയ്ക്കുകയും, ആശ്രയം നൽകുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നതെന്ന് അഫ്ഗാനിസ്ഥാനും അന്താരാഷ്ട്ര സമൂഹത്തിനും വ്യക്തമായി കഴിഞ്ഞിരിക്കുന്നു."

ന്യൂ ഡൽഹി
05 ജൂൺ, 2020

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.